KOLLAMCITY POLICE
https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 19/07/ 2019

# പണമിടപാട് കേന്ദ്രങ്ങളിൽ പോലീസ് പരിശോധന

## 'ഓപ്പറേഷൻ ഷൈലോക്ക് 3'

കൊല്ലം സിറ്റി പോലീസ് പരിധിയിലെ അനഃധികൃത പണമിടപാട് കേന്ദ്രങ്ങളിൽ പോലീസ് ഇന്ന് പുലർച്ചേ മുതൽ മിന്നൽ പരിശോധന നടത്തി. **"ഓപ്പറേഷൻ ഷൈലോക്ക് മൂന്ന്''** എന്ന പേരിൽ 53 സ്ഥലങ്ങളിലാണ് പരിശോധന നടത്തിയത്. പരിശോധനയിൽ വിവിധ ഇടങ്ങളിൽ നിന്നായി പതിനാല് ലക്ഷം രൂപയും, ഒപ്പ് ഇട്ട് തുക എഴുതാത്ത 13 ബാങ്ക് ചെക്കുകളും, പതിനാറ് സ്റ്റാമ്പ് പേപ്പറുകളും, അഞ്ച് പ്രോമിസറി നോട്ടുകളും, വസ്തുവിന്റെ കരമടച്ച രശീതുകളും ഉൾപ്പെടെ നിരവധി രേഖകൾ പിടിച്ചെടുത്തു. വിവിധ പോലീസ് സ്റ്റേഷനുകളിലായി അനഃധികൃത പണമിടപാട് നടത്തിയതിലേക്ക് ഏഴ് കേസുകൾ രജിസ്റ്റർ ചെയ്തു. പിടിച്ചെടുത്ത രേഖകളും



പണവും കോടതിയിൽ ഹാജരാക്കി. കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീമതി. മെറിൻ ജോസഫ് ഐ.പി.എസ്സിന്റെ നിർദ്ദേശാനുസരണമാണ് കൊല്ലം സിറ്റിയിലെ മുഴുവൻ പോലീസിനേയും ഏകോപിപ്പിച്ച് ധനകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കു മെതിരെ അൻപത്തിമൂന്ന് ഇടങ്ങളിൽ റെയ്ഡ്കൾ നടത്തിയത്. സ്പെഷ്യൽ ബ്രാഞ്ച് എ.സി.പി ശ്രീ. എസ്സ്. ഷിഹാബുദ്ദീൻ, കൊല്ലം എസിപി എ.പ്രദീപ്കുമാർ, കരുനാഗപ്പ ള്ളി എ.സി.പി എസ്സ്. എസ്സ്. വിദ്യാധരൻ, ചാത്തന്നൂർ എ.സി.പി ജോർജ്ജ് കോശി എന്നിവരുടെ നേതൃത്ത്വത്തിലാണ് പരിശോധന നടന്നത്. കൃത്യമായ ആസൂത്രണത്തോടെയാണ് ഓപ്പറേഷൻ ഷൈലോക്ക് പദ്ധതി ഇന്ന് പുലർച്ചെ ആരംഭിച്ചത്. 12.01.2018 ൽ നടന്ന ഓപ്പറേഷൻ ഷൈലോക്ക് രണ്ടിന്റെ തുടർച്ചയായിട്ടാണ് റെയിഡുകൾ നടന്നത്. ഓപ്പറേഷൻ ഷൈലോക്ക് രണ്ടിന് ശേഷം പോലീസ് നടത്തിയ വിവരശേഖരണത്തിന്റെയും ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ച രഹസ്യ വിവരങ്ങളുടെയും അടിസ്ഥാനത്തിലാണ് ഇപ്രകാരം റെയ്ഡ് സംഘടിപ്പിച്ചത്. വിവരങ്ങൾ ഒരു തരത്തിലും ചോരാതിരിക്കാനായി പരിശോധന നടത്തേണ്ട ഇടങ്ങളുടെ വിവരം ഇന്നു രാവിലെ ആറ് മണിയോട് കൂടി മാത്രമാണ് ജില്ലാ പോലീസ് മേധാവിയുടെ ആഫീസിൽ നിന്നും അതാത് സ്റ്റേഷനുകളിൽ മുദ്രവച്ച കവറുകളിൽ എത്തിച്ച് കൊടുത്തത്. ഇപ്രകാരം പരിശോധന നടത്തി വരവേ വ്യാപക ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് വരും ദിവസങ്ങിലും പരിശോധന തുടരുമെന്ന് സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു. ഇത് കൂടാതെ കൊല്ലം സിറ്റി പരിധിയിൽ ഗുണ്ടാ നിയമ പ്രകാരം നടപടിയെടുക്കേണ്ട കുറ്റവാളികൾക്കെതിരെയും കർശന നടപടികൾ സ്വീകരിക്കുന്നതിനായി രഹസ്യ വിവര ശേഖരണം തുടങ്ങിയതായും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.